# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 268** | **28/05/2019-ൽ മറുപടിക്ക്**

## മഴക്കാലപൂർവ്വശുചീകരണ പ്രവർത്തനങ്ങൾ

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ മന്ത്രി) |
| എ) സംസ്ഥാനത്ത് മഴക്കാലത്ത് ഉണ്ടാകാൻ സാധ്യതയുള്ള പകർച്ചവ്യാധികളും മറ്റുരോഗങ്ങളും തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | എ) | "ആരോഗ്യജാഗ്രത 2019" ന്റെ ഭാഗമായി ജനുവരിയിൽ തന്നെ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടിയും പ്രവർത്തന കലണ്ടറും തയ്യാറാക്കി ഇതര വകുപ്പുകളുടെയും, ഏജൻസികളുടെയും ആരോഗ്യസേനയുടെയും പൊതു-ജനങ്ങളുടെയും പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് നടത്തി വരുന്നു. ഫെബ്രുവരി 4 ന് ബഹു.മുഖ്യമന്ത്രി ഈ പ്രവർത്തനങ്ങൾക്ക് സംസ്ഥാന-തലത്തിൽ ഔദ്യോഗിക തുടക്കം കുറിക്കുകയുണ്ടായി. വിവിധതലങ്ങളിൽ വകുപ്പുതല ഏകോപനയോഗങ്ങൾ, ആലോചനാ യോഗങ്ങൾ, പരിശീലനം, ബോധവത്കരണം, അവശ്യസാധന സാമഗ്രികളുടെ സംഭരണവും, വിതരണവും തുടങ്ങിയവ നടത്തി വാർഡ്തല ആരോഗ്യ ശുചിത്വ സമിതികൾ ശാക്തീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആരോഗ്യ സേനകളെ സജ്ജമാക്കി. ഇവരുടെ സഹായത്തോടെ ഗൃഹസന്ദർശനം, ശുചീകരണം, കൊതുകുറവിട നശീകരണം, ക്ലോറിനേഷൻ തുടങ്ങിയവ നടത്തിവരുന്നു. പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിന് വേണ്ടി തിരഞ്ഞെടുക്കപ്പെട്ട ദിവസങ്ങളിൽ സംസ്ഥാനത്തുടനീളം ക്യാമ്പയിനുകൾ നടപ്പിലാക്കി. തദ്ദേശസ്വയംഭരണ വകുപ്പിന്റെ "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം" എന്ന പരിപാടിയും ആരോഗ്യ-വകുപ്പ് തയ്യാറാക്കിയ ആരോഗ്യജാഗ്രതാ കലണ്ടറും അനുസരിച്ചുള്ള പ്രവർത്തനങ്ങളും സംയുക്തമായി നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം രോഗനിരീക്ഷണം കാര്യക്ഷമമാക്കുകയും രോഗം പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ ദ്രുതകർമ്മസേന സന്ദർശിച്ച് ഊർജ്ജിതരോഗ നിയന്ത്രണ |

ഊർജ്ജിതരോഗ നിയന്ത്രണ പ്രവർത്തനങ്ങളും യഥാസമയം നടത്തിവരുന്നു. പകർച്ചവ്യാധികൾ ഉണ്ടാകുവാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നിലവിലുള്ള നിയമങ്ങൾ പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

**ബി)** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കേണ്ട ശുചീകരണ പ്രവർത്തനങ്ങൾ യഥാസമയം പൂർത്തീകരിക്കാത്തത് മുൻകാലങ്ങളിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് വഴിവച്ചിട്ടുള്ള സാഹചര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് ആവശ്യമായ മുൻകരുതലുകൾ ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുണ്ടോ;

**ബി)** തദ്ദേശസ്വയംഭരണ വകുപ്പുകൾ ഉൾപ്പെടെ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ മാത്രമേ ശുചീകരണ-രോഗപ്രതിരോധ പ്രവർത്തനങ്ങൾ വിജയിക്കൂ എന്നതിനാൽ 2018 ഡിസംബർ 5, 2018 ജനുവരി 24, ഏപ്രിൽ 29, മെയ് 16 എന്നീ തീയതികളിൽ വിവിധ വകുപ്പുകളുടെ ഏകോപനം സംസ്ഥാന തലത്തിൽ തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ/അഡീഷണൽ ചീഫ് സെക്രട്ടറിയുടെ/പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടി നടപടികൾ സ്വീകരിച്ചു. ഇതുകൂടാതെ ജില്ലാതലത്തിലും നഗരസഭ/പഞ്ചായത്ത്/വാർഡ്തലങ്ങളിലും ഏകോപനയോഗങ്ങൾ നടത്തി. തദ്ദേശ സ്ഥാപനയോഗങ്ങൾ രോഗപ്രതിരോധ പ്രവർത്തനങ്ങളെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ അവതരിപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്. തദ്ദേശ സ്ഥാപനതലത്തിൽ ഇതു സംബന്ധിച്ച് പ്രോജക്ടുകൾ സമർപ്പിച്ച് നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. വാർഡ്തല ശുചിത്വ ഫണ്ടുകൾ യഥാസമയം അനുവദിക്കുന്നതിനും കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

**സി)** മഴക്കാലപൂർവ്വശുചീകരണ പ്രവർത്തനങ്ങളുടെ പ്രാധാന്യം പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി കൂടുതൽ ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**സി)** മികച്ചതും സമഗ്രവുമായ ബോധവത്കരണ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.

**സെക്ഷൻ ഓഫീസർ**